# സ്വർഗ്ഗം

## സത്യമായും വിളിക്കപ്പെട്ട ഒരു സ്ഥലം



**അഷീഷ് റായിച്ചൂർ**

അച്ചടിച്ചതും വിതരണം ചെയ്തതും
എല്ലാ ജനങ്ങളുടെയും സഭ & വേൾഡ് ഔട്ട്റീച്ച്, ബാംഗ്ലൂർ
ഒന്നാമത്തെ പുസ്തകപ്പതിപ്പ് അച്ചടിച്ചത്: ഒക്ടോബർ 2013

ഭരണാധികാരമുള്ള പത്രാധിപർ/പ്രസിദ്ധീകരണ പ്രമാണി: വാലന്റീന ഹ്യൂബെർട്ട്
വിവർത്തനം: എം.പി. കോശി
അവതരണവും വരച്ച ബാഹ്യരൂപ ചിത്രണവും: കരുണ ജറോം, byFaith Designz

**Contact Information:**
All Peoples Church & World Outreach,
# 319, 2nd Floor, 7th Main, HRBR Layout,
2nd Block, Kalyan Nagar, Bangalore 560 043
Karnataka, INDIA

ഫോൺ: +91-80-65970617
ഇമെയിൽ: contact@apcwo.org
വെബ്സൈറ്റ്: www.apcwo.org

മറ്റുവിധത്തിൽ സൂചിപ്പിക്കാതെയിരുന്നാൽ, എല്ലാ തിരുവെഴുത്തു ഉദ്ധരണികളും എടുത്തിരിക്കുന്നതു വിശുദ്ധ വേദപുസ്തകത്തിൽ നിന്നുമാണു, പുതിയ കിംഗ് ജയിംസ് ഭാഷ്യം.

**സൗജന്യമായ വിതരണത്തിനു വേണ്ടി**

ഈ പ്രസിദ്ധീകരണത്തിന്റെ സൗജന്യമായ വിതരണം സാധ്യമാക്കിത്തന്നതു എല്ലാ ജനങ്ങളുടെയും സഭയിലെ അംഗങ്ങളുടെയും, പങ്കാളികളുടെയും, സുഹൃത്തുക്കളുടെയും ധനപരമായ സഹായത്തിലൂടെയാണു. ഈ സൗജന്യ പ്രസിദ്ധീകരണത്തിലൂടെ നിങ്ങൾ സമ്പന്നനായെങ്കിൽ, ഞങ്ങൾ നിങ്ങളെ ക്ഷണിക്കുന്നു ധനപരമായി സംഭാവന ചെയ്യുവാൻ, എല്ലാ ജനങ്ങളുടെയും സഭയിലെ സൗജന്യ പ്രസിദ്ധീകരണങ്ങൾ അച്ചടിക്കുന്നതിനും വിതരണം ചെയ്യുന്നതിനും സഹായിക്കുവാൻ. നന്ദി.

(Malayalam book - A Real Place Called Heaven)

# സ്വർഗ്ഗം: സത്യമായും വിളിക്കപ്പെട്ട ഒരു സ്ഥലം

അഷീഷ് റായിച്ചൂർ

# ഉള്ളടക്കം

1. സ്വർഗ്ഗം സത്യമായും വിളിക്കപ്പെട്ട ഒരു സ്ഥലം .... 1

# 1

# സ്വർഗ്ഗം സത്യമായും വിളിക്കപ്പെട്ട ഒരു സ്ഥലം

ഡിസംബർ 25, 2000 എന്റെ മാതാവു യേശുവിനോടുകൂടെ ആയിരിക്കുവാൻ ഭവനത്തിലേക്കു പോയി. ഈ ഭൂമിയിലെ എന്റെ മാതാവിന്റെ അവസാനനിമിഷങ്ങളിൽ എന്റെ പിതാവും, സഹോദരിയും, ഞാനും, വേറെ കുറെ പേരോടുകൂടെ, അവളുടെ സമീപത്തുണ്ടായിരുന്നു. ഇതു 4.30 pm ആയിരുന്നു. വലിയ പ്രയത്നത്തിന്റെ ഫലമായിട്ടാണ് അവൾ ശ്വസിച്ച ഓരോ ശ്വാസവും വന്നത്. അപ്പോൾ പതുക്കെ, അണയുവാൻ തുടങ്ങുന്ന ഒരു മെഴുകുതിരിപോലെ അവളുടെ ശ്വാസോച്ഛ്വാസം മെല്ലെമെല്ലെ ക്ഷീണിച്ചു ക്ഷീണിച്ചു. അവളുടെ ശ്വാസകോശം കാൻസർ തിന്നുകളഞ്ഞു. സുഖം പ്രാപിക്കുന്നതിനായി അവളെ സഹായിക്കുന്നതിനു വൈദ്യന്മാർക്കു കൂടുതലായി ഒന്നും ചെയ്യുവാൻ സാധിച്ചില്ല. ആ അവസാന നിമിഷങ്ങളിൽ, അവളുടെ കൈകൾ എന്റെ കയ്യിൽ വെച്ചുകൊണ്ടു, ഞാൻ ആത്മാവിൽ പ്രാർത്ഥിച്ചു. കർത്താവായ യേശുവിന്റെ വചനങ്ങൾ – “ഞാൻ പുനരുത്ഥാനവും ജീവനും ആകുന്നു” – പെട്ടെന്നു എന്റെ മനസ്സിൽ വന്നു. ബാക്കി വാക്യങ്ങൾ എന്താണെന്നു എനിക്കു അറിയാമായിരുന്നു, എന്നാൽ അതിൽ വസിക്കുവാൻ ഞാൻ ആഗ്രഹിച്ചില്ല. എന്റെ മാതാവു മരിക്കുകയാണെന്നുള്ള യാഥാർത്ഥ്യം അംഗീകരിക്കുവാൻ ഞാൻ ആഗ്രഹിച്ചില്ല. ഞാൻ പ്രാർത്ഥിച്ചു “യേശുവേ, നീ പുനരുത്ഥാനവും ജീവനും ആണെന്നു പറഞ്ഞിട്ടുണ്ടല്ലോ.” അതു ഞാൻ വീണ്ടും വീണ്ടും തുടർന്നു. ഒരു അത്ഭുത സംഭവത്താൽ എന്റെ മാതാവു ജീവിക്കും എന്നു ഞാൻ പ്രത്യാശിക്കുകയായിരുന്നു. എന്നാൽ നിമിഷങ്ങൾക്കകം എന്റെ മാതാവു പോയി. ഞങ്ങളുടെ കവിളുകളിലൂടെ കണ്ണുനീരൊഴുക്കിക്കൊണ്ടും വീർപ്പുമുട്ടിക്കുന്ന ശബ്ദത്തോടെയും ഞങ്ങൾ ഏകോപിച്ചു പാടുവാൻ ശ്രമിച്ചു. “He is Lord, He is Lord. He is risen from the dead and He is Lord.”

തുടർന്നുള്ള ദിവസങ്ങളിൽ, മരണത്തെയും മരണാനന്തരജീവിതത്തെയും വിവരിക്കുന്ന അനേക തിരുവെഴുത്തുകൾ ഞാൻ വായിച്ചു. ഞാൻ ഒരു തീരുമാനം എടുത്തു, മരണത്തെയും സ്വർഗ്ഗത്തെയും കുറിച്ചു വേദപുസ്തകം പഠിപ്പിക്കുന്നതു വിശ്വസിക്കുമെന്ന്. ഈ വചനങ്ങൾ വലിയ ശക്തിയും, ആശ്വാസവും, സമാധാനവും, ധൈര്യവും, പ്രത്യാശയും കൊണ്ടുവന്നു. അവയിൽ ചിലത് നിങ്ങളുമായി ഞാൻ പങ്കുവെക്കുന്നു. നമ്മൾ എല്ലാവരും, ഒരു സമയത്ത് അല്ലെങ്കിൽ മറ്റൊരിക്കൽ മരണവുമായി മുഖാമുഖമായും വരും. അതുപോലെ സ്നേഹിക്കുന്ന ഒരാളുടെ വേർപാടും. എന്റെ പ്രാർത്ഥന ഇതാകുന്നു, ഞങ്ങൾക്കു ആശ്വാസം കൊണ്ടുവന്ന ദൈവവചനം. നിങ്ങൾക്കും ഇതു തന്നെ ചെയ്യും, നിങ്ങളുടെ ആവശ്യസമയത്ത്.

എല്ലാ മനുഷ്യരും ഒരിക്കൽ മരിക്കും. തിരുവെഴുത്തു നമ്മെ പഠിപ്പിക്കുന്നു "ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്കു നിയമിച്ചിരിക്കുന്നു." (എബ്രായർ 9:27). ഇതു പുനരവതാരം വിട്ടുകളയുന്നു—ജനനം—മരണം—വീണ്ടും ജനനം ഈ കാലചക്രത്തിന്റെ ആശയം—നേരത്തെയുണ്ടായിരുന്ന ജീവിതത്തിലെ പാപങ്ങൾക്കു പരിശോധിച്ചു മാറ്റം വരുത്തുവാൻ അവസരങ്ങളെക്കൊണ്ടു. ഈ ജീവിതത്തിലൂടെ എല്ലാ മനുഷ്യരും ഒരിക്കൽ കടന്നുപോകുന്നു, മരണത്തെ അഭിമുഖീകരിക്കുന്നു—"എടുക്കപ്പെടുന്നവർ" ആരൊക്കെയോ അവരെയൊഴിച്ചു (1 തെസ്സലൊനിക്യർ 4:17)—അപ്പോൾ നിത്യതയിലേക്കു പ്രവേശിക്കുന്നു. നമ്മൾ നിത്യതയുടെ അസ്തിത്വം ആകുന്നു. നമ്മുടെ ഇപ്പോഴത്തെ ഭൗതികശരീരങ്ങൾ നമ്മുടെ നിത്യതയുടെ ഭാഗത്തിന്റെ ഒരു താൽക്കാലിക വാസസ്ഥലങ്ങൾ മാത്രം ആണ്—നമ്മുടെ ആത്മാവും ദേഹിയും. മരണം ലഘുവായ ഒരു വേർപെടുത്തൽ ആണ്. നിത്യത—നമ്മുടെ ആത്മാവും ദേഹിയും, താൽക്കാലികമായതു വിട്ടുപോകുന്നു—നമ്മുടെ ശരീരങ്ങൾ, മരണത്തിന്റെ സമയത്തു (യാക്കോബ് 2:26). ഒരു വ്യക്തിയുടെ ആത്മാവും ദേഹിയും നിലനിൽക്കുന്നതു തുടരും, ഒന്നുകിൽ സ്വർഗ്ഗത്തിൽ അല്ലെങ്കിൽ നരകത്തിൽ.

## ഈ ജീവിതത്തിനു ശേഷമുള്ള ജീവിതം

**"യേശു അവളോടു പറഞ്ഞു, ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്നു എന്നിൽ വിശ്വസിക്കുന്നവൻ. ആരും ഒരുനാളും മരിക്കയില്ല. ഇതു നീ വിശ്വസിക്കുന്നുവോ എന്നു പറഞ്ഞു."(യോഹന്നാൻ 11:25 – 26) വേദപുസ്തകത്തിൽ വിശ്വസിക്കുന്ന ജനങ്ങളായ നമ്മൾക്കു ഉറപ്പു നൽകപ്പെട്ടിരിക്കുന്നു മരണം അവസാനം അല്ലെന്നു. യേശുവിൽ വിശ്വസിച്ചു മരിക്കുന്നവർ, ജീവിക്കും. ക്രിസ്തുവിൽ വിശ്വസിക്കുന്ന ഒരു വിശ്വാസി മരിക്കുമ്പോൾ, ആ വിശ്വാസിയുടെ ദേഹിയും ആത്മാവും സ്വർഗ്ഗത്തിൽ യേശുവിനോടുകൂടെ ആയിരിക്കുവാനായി പോകുന്നു. ആ വ്യക്തിയുടെ ശരീരം ജീവനില്ലാത്തതായി കണ്ടാലും, എന്നാൽ ആ വ്യക്തി എന്നിട്ടും ജീവിക്കുന്നു. ആ വ്യക്തി സാക്ഷാൽ വേറൊരു ലോകത്തിൽ ജീവിക്കുന്നു— നമുക്കു സാധാരണയായി കാണാൻ പാടില്ലാത്ത ഒരു ലോകം. ഒരു ദിവസം "യേശുവിൽ നിദ്ര കൊള്ളുന്നവരെ ദൈവം തന്നോടുകൂടെ കൊണ്ടുവരും.... ക്രിസ്തുവിൽ മരിച്ചവർ ആദ്യം ഉയിർത്തെഴുന്നേൽക്കും" (1 തെസ്സലൊനികൃർ 4:14,16).**

അതുകൊണ്ടാണ് മരണത്തെ ഉറക്കം എന്നു വേദപുസ്തകം പരാമർശിച്ചിരിക്കുന്നത് (1 തെസ്സലൊനികൃർ 4:13–15). നമ്മുടെ സ്വാഭാവികമായ വീക്ഷണത്തിൽനിന്നും, എന്തുകൊണ്ടെന്നാൽ മരിച്ച ശരീരം നിർജ്ജീവം ആണെന്നുള്ള സത്യം അതുപോലെ തന്നെയാണ് ഒരു വ്യക്തി നിദ്ര കൊള്ളുമ്പോഴും. അതുപോലെ തന്നെ മരണത്തെയും പരിഗണിക്കുന്നതു നിദ്രയായിട്ടാണ്. പെട്ടെന്ന് ആ ദിവസം വരുമ്പോൾ കർത്താവായ യേശു, "നീതിസൂര്യൻ ആകുന്നു" (മലാഖി 4:2) "ലോകത്തിന്റെ വെളിച്ചം ആകുന്നു," വരുമ്പോൾ, മരിച്ചവർ അവരുടെ "ഉറക്കത്തിൽ" നിന്നും ഉണരും. പുതിയ ഉയിർത്തെഴുന്നേൽക്കപ്പെട്ട ശരീരങ്ങളുമായി.

ഈ ജീവിതത്തിനുശേഷം ഒരു ജീവിതം ഉണ്ടെന്നു നമുക്കു വിശ്വാസം വരുത്തിച്ചതിനാൽ – ഇപ്പോഴത്തേതിലും പുനരുത്ഥാനത്തിലും നമ്മൾ "ദുഃഖിക്കയില്ല പ്രത്യാശയില്ലാത്ത മറ്റുള്ള

വരെപ്പോലെ". സംശയത്തിന്റെ ഒരു നിഴലിനും അപ്പുറമായി നമുക്കു അറിയാം നമ്മുടെ പ്രിയപ്പെട്ടവർ ക്രിസ്തുവിൽ മരിച്ച വർ, ജീവിച്ചിരിക്കുന്നുവെന്നും നന്നായിരിക്കുന്നുവെന്നും, ഈ നിമി ഷത്തിൽ. അവരുടെ ഭൗതികശരീരം തീർച്ചയായും ഉയിർത്തെഴു ന്നേൽക്കും. നമ്മൾ അവരെ കാണും. ഈ മരണം – ഈ വേർപ്പെ ടുത്തൽ – താൽക്കാലികം മാത്രം ആണ്.

## മണ്ണിൽ നിന്നു ചുവടു വെക്കുന്നത്, സ്വർഗ്ഗത്തിലേക്കു ചുവടുവെക്കുന്നത്

**"കൂടാരമായ ഞങ്ങളുടെ ഭൗമശരീരം അഴിഞ്ഞുപോയാൽ കൈപ്പണിയ ല്ലാത്ത നിത്യഭവനമായി ദൈവത്തിന്റെ ദാനമായൊരു കെട്ടിടം ഞങ്ങൾക്കു സ്വർഗ്ഗത്തിൽ ഉണ്ടെന്നു അറിയുന്നു. ഈ കൂടാരത്തിൽ ഞരങ്ങിക്കൊണ്ടു ഞങ്ങൾ നഗ്നരായിട്ടല്ല ഉടുപ്പുളളവരായിരിക്കുന്നു എങ്കിൽ സ്വർഗ്ഗീയമായ ഞങ്ങളുടെ പാർപ്പിടം അതിനു മീതെ ധരിപ്പാൻ വാഞ്ഛിക്കുന്നു. ഉരിവാ നല്ല, മർത്യമായതു ജീവനാൽ നീങ്ങിപ്പോകേണ്ടതിന് മീതെ ഉടുപ്പാൻ ഇച്ഛി ക്കയാൽ ഞങ്ങൾ ഈ കൂടാരത്തിൽ ഇരിക്കുന്നിടത്തോളം ഭാരപ്പെട്ടു ഞര ങ്ങുന്നു. അതിനായി ഞങ്ങളെ ഒരുക്കിയതു ആത്മാവിനെ അച്ചാരമായി തന്നിരിക്കുന്ന ദൈവംതന്നെ. ആകയാൽ ഞങ്ങൾ എല്ലായ്പ്പോഴും ധൈര്യ പ്പെട്ടും ശരീരത്തിൽ വസിക്കുമ്പോൾ ഒക്കെയും കർത്താവിനോടു അകന്നു പരദേശികൾ ആയിരിക്കുന്നു എന്നു അറിയുന്നു. കാഴ്ചയാൽ അല്ല വിശ്വാ സത്താലത്രേ ഞങ്ങൾ നടക്കുന്നത്. ഇങ്ങനെ ഞങ്ങൾ ധൈര്യപ്പെട്ടു ശരീരം വിട്ടു കർത്താവിനോടുകൂടെ വസിപ്പാൻ അധികം ഇഷ്ടപ്പെടുന്നു" (2 കൊരിന്ത്യർ 5:1–8).**

ഒരു വ്യക്തി ക്രിസ്തുവിൽ മരിക്കുമ്പോൾ, അവരുടെ ആത്മാവും ദേഹിയും ഭൂമി വിട്ടിട്ടു സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നു. അവരുടെ വാസസ്ഥലം മാറ്റി. അവരുടെ ഭൂമിയിലെ ഭവനം സ്വർഗ്ഗീയമായ ഒന്നിലേക്കു അവർ കൈമാറി. അവർ ഭൂമിയിൽ നിന്നും പെട്ടെന്നു നിർത്തിക്കളഞ്ഞിട്ടു സ്വർഗ്ഗത്തിൽ കയറി. ഈ ഭൂമിയിലെ ഭവനത്തിൽ അവർ "ഞരങ്ങി" ജീവിതത്തിലെ എല്ലാ

കഷ്ടപ്പാടുകളും സമ്മർദ്ദങ്ങളും അവർ അഭിമുഖീകരിച്ചു. എല്ലാ വെല്ലുവിളികളും, പീഡനങ്ങൾ അനുഭവിച്ചു, രോഗങ്ങളോടു പട വെട്ടി അതുപോലെ പലതും. എന്നാൽ അവർ മരിച്ച നിമിഷത്തിൽ ഈ കഷ്ടങ്ങളെല്ലാം അവർക്കു പുറകിൽ വിട്ടേച്ചു അവർ സ്വർഗ്ഗത്തിലെ ജീവിതത്തിലേക്കു പ്രവേശിച്ചു. ഈ ലോകത്തിൽനിന്നും അവർ ഹാജരില്ലാത്തവരായി, നമ്മുടെ നടുവിൽനിന്നും ഹാജരില്ലാത്തവരായി, അവരുടെ ഭൗതികശരീരത്തിൽ നിന്നും ഹാജരില്ലാത്തവരായി. എന്നാൽ, അവർ സ്വർഗ്ഗത്തിൽ ഹാജരാക്കി, കർത്താവിനോടുകൂടെ അവർ ഹാജരാക്കി, അവരുടെ നിത്യഭവനത്തിൽ അവർ ഹാജരാക്കി—കൈകളാൽ നിർമ്മിക്കപ്പെടാത്ത ഒരു ഭവനത്തിൽ.

## വിട്ടുപിരിയുന്നതു ഏറ്റവും നല്ലതാണ്

**"അങ്ങനെ ഞാൻ ഒന്നിലും ലജ്ജിച്ചുപോകാതെ പൂർണ്ണധൈര്യം പൂണ്ടു ക്രിസ്തു എന്റെ ശരീരത്തിങ്കൽ ജീവനാൽ ആകട്ടെ മരണത്താൽ ആകട്ടെ എപ്പോഴും എന്നപോലെ ഇപ്പോഴും മഹിമപ്പെടുകയെയുള്ളൂ എന്നു പ്രതീക്ഷിക്കയും പ്രത്യാശിക്കയും ചെയ്യുന്നു. എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു. എന്നാൽ ജഡത്തിൽ ജീവിക്കുന്നതിനാൽ എന്റെ വേലക്കു ഫലം വരുമെങ്കിൽ ഏതു തിരഞ്ഞെടുക്കേണ്ട എന്നു ഞാൻ അറിയുന്നില്ല. ഇവ രണ്ടിനാലും ഞാൻ ഞെരുങ്ങുന്നു. വിട്ടുപിരിഞ്ഞു ക്രിസ്തുവിനോടുകൂടെയിരിപ്പാൻ എനിക്കു കാംക്ഷയുണ്ട്. അതു അത്യുത്തമമല്ലോ. എന്നാൽ ഞാൻ ജഡത്തിൽ ഇരിക്കുന്നതു നിങ്ങൾ നിമിത്തം ഏറെ ആവശ്യം" (ഫിലിപ്പിയർ 1:20–24).**

മുകളിലത്തെ സത്യം കണക്കിലെടുത്തു കൊണ്ടു, വിശ്വാസികളായ നമുക്കു "മരിക്കുന്നതു ലാഭം ആകുന്നു." വേർപ്പെട്ടു ക്രിസ്തുവിനോടുകൂടെ ആയിരിക്കുന്നതു ഏറ്റവും നല്ലതാണ്. മരണം ഒരു തോൽവിയല്ല. മരണം ഹതാശക്കുള്ള ഒരു സമയം അല്ല. മരണം ഏറ്റവും നല്ലതായ ഒന്നിലേക്കുള്ള പ്രവേശനം ആണ്. നമ്മുടെ ഈ ഭൂമിയിലെ മണിക്കൂറുകളേക്കാളും ഏറ്റവും മഹിമയേറിയതി

ലേക്ക്. നമ്മൾ ഒരിക്കലും അനുഭവിച്ചിട്ടില്ലാത്ത കാര്യങ്ങൾ, ക്രിസ്തുവിൽ മരിച്ച നമ്മുടെ പ്രിയപ്പെട്ടവർ ഇപ്പോൾ അനുഭവിച്ചു കൊണ്ടിരിക്കുന്നു. അതേ, അവരുടെ വേർപ്പാടിനുശേഷം അവരുടെ വിയോഗം നമുക്കു തോന്നി. നമ്മുടെ ഹൃദയം അവരുമായിട്ടുള്ള സഹവാസത്തിന്റെ അഭാവം അറിയുന്നു, അവരുമായിട്ടുള്ള കൂട്ടായ്മയുടെയും അവരുമായി പങ്കുവച്ച സമയങ്ങളുടെയും അഭാവം അറിയുന്നു. എന്നാൽ ആ "വേദന'' ആ "ആശ" നമ്മൾ അനുഭവിക്കുന്ന കുറച്ചു മാത്രം ആണ്. മറുവശത്തു, നമ്മുടെ പ്രിയപ്പെട്ടവർ വലിയ സന്തോഷം അനുഭവിക്കുന്നു. അവർ ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തിൽ ആണ്. ഈ വീക്ഷണത്തിൽനിന്നും അവരുടെ വേർപാടിനെ നമ്മൾ നോക്കുമ്പോൾ നമ്മുടെ വ്യക്തിപരമായ സങ്കടം ഉപേക്ഷിച്ചു അവരുടെ സന്തോഷത്തിൽ ഉല്ലസിക്കുവാൻ കാരണമാക്കണം—അവരുടെ ലാഭത്തിൽ.

## സ്വർഗ്ഗം വിസ്മയകരമായ ഒരു സ്ഥലമാണ്

**"നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്; ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്; ഇല്ലെങ്കിൽ ഞാൻ പറയുമായിരുന്നു. ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു (യോഹന്നാൻ 14:1–2).**

**"പിതാവേ, നീ ലോകസ്ഥാപനത്തിനുമുമ്പെ എന്നെ സ്നേഹിച്ചിരിക്കകൊണ്ടു എനിക്കു നൽകിയ മഹത്ത്വം നീ എനിക്കു തന്നിട്ടുള്ളവർ കാണേണ്ടതിനു ഞാൻ ഇരിക്കുന്നിടത്തു അവരും എന്നോടുകൂടെ ഇരിക്കേണം എന്നു ഞാൻ ഇച്ഛിക്കുന്നു'' (യോഹന്നാൻ 17:24).**

യേശുവിൽ വിശ്വസിക്കുന്ന നമ്മളിൽ അനേകരും ഒരിക്കലും യേശുവിനെ കാണുകയോ യേശുവിന്റെ സ്ഫുടമായി കേൾക്കാവുന്ന ശബ്ദം കേൾക്കുകയോ ചെയ്തിട്ടില്ലായിരിക്കാം. നമ്മൾ അവന്റെ സാന്നിദ്ധ്യം അനുഭവിച്ചിരിക്കാം, അവന്റെ ആത്മാവിന്റെ നടത്തിപ്പു അനുഭവിച്ചിരിക്കാം, ദൈവത്തിന്റെ നല്ല വചനം ആസ്വദിച്ചിരിക്കാം, വരുവാനുള്ള ലോകത്തിന്റെ ശക്തി ആസ്വദിച്ചിരി

ക്കാം (എബ്രായർ 6:5). എന്നാൽ ക്രിസ്തുവിലെ വിശ്വാസികൾ മരിക്കുന്ന നിമിഷത്തിൽ, അവർ യേശുവിനോടുകൂടെ ആയിരിക്കുവാനായി പോകുന്നു. യേശു ആയിരിക്കുന്നിടത്തു അവരും ആകുന്നു. അവന്റെ മഹത്ത്വം കാണുവാൻ അവർക്കു കഴിയും. യേശു അവർക്കുവേണ്ടി ഒരുക്കിയ സ്ഥലത്ത് അവർ പ്രവേശിക്കുന്നു. അവിടെ അവർ വെള്ളവസ്ത്രം ധരിച്ചിരിക്കുന്നു. (വെളിപ്പാട് 3:5). എന്നെന്നേക്കും ജീവിച്ചിരിക്കുന്നവനായി സിംഹാസനത്തിൽ ഇരിക്കുന്നവനു സ്വർഗ്ഗീയ ജീവികൾ മഹത്ത്വവും ബഹുമാനവും സ്തോത്രവും കൊടുത്തുകൊണ്ടിരിക്കുന്നതും അവർ കാണുന്നു (വെളിപ്പാട് 4:9). ഒരിക്കലും അവസാനമില്ലാത്ത ഈ ആരാധനയിൽ അവരും ചേരുന്നു. നമുക്കു മുമ്പേ കടന്നുപോയ കോടാനുകോടികളെ അവർ കണ്ടുമുട്ടുന്നു. ഇനിയും അവിടെ വളരെ അധികം കൂടുതലായിട്ടുണ്ട്. നമുക്കു അറിയാവുന്നതും അറിയാൻ പാടില്ലാത്തതുമായ രണ്ടും, സ്വർഗ്ഗത്തിലെ മഹത്ത്വങ്ങളെക്കുറിച്ച്. നമ്മുടെ പ്രിയപ്പെട്ടവർ, ക്രിസ്തുവിൽ വേർപ്പെട്ടുപോയവർ, അവർ സ്വർഗ്ഗത്തിലാണ് - വിസ്മയകരമായ ഒരു സ്ഥലത്ത്.

## ഈ വചനങ്ങളെക്കൊണ്ടു അന്യോന്യം ആശ്വസിപ്പിച്ചുകൊൾവിൻ

**"കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയിർത്തെഴുന്നേല്ക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടൊരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേൽപ്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും. ഈ വചനങ്ങളെക്കൊണ്ടു അന്യോന്യം ആശ്വസിപ്പിച്ചുകൊൾവിൻ"(1 തെസ്സലൊനിക്യർ 4:16–18).**

മരണത്തെക്കുറിച്ചും, സ്വർഗ്ഗത്തെക്കുറിച്ചും, പുനരുത്ഥാനത്തെക്കുറിച്ചും ഇപ്പോഴത്തെ ജീവിതത്തിനുശേഷമുള്ള ജീവിതത്തെക്കുറിച്ചും ഉള്ള സത്യങ്ങൾ കർത്താവായ യേശു നമുക്കു വെളിപ്പെടു

ത്തിതന്നതിന്റെ ഒന്നാമത്തെ കാരണം നമ്മൾ പ്രത്യാശയുള്ള ജനങ്ങൾ ആയിരിക്കുവാനാണ്. ഈ പ്രത്യാശകൊണ്ടു ദൈവവചനത്തിൽ അടിസ്ഥാനം ഇടുമ്പോൾ, നമുക്ക് അന്യോന്യം ആശ്വസിപ്പിക്കുവാൻ കഴിയും. ഈ തിരുവെഴുത്തുകൾ തന്നിരിക്കുന്നത് നമ്മളെ ആശ്വസിപ്പിക്കുവാൻ കഴിയുന്നതിനാണ്—കർത്താവിന്റെ വേലയിൽ തുടരുന്നതിനു ശക്തിപ്പെടുവാനും ഉത്സാഹമുള്ളവായിത്തീരുവാനുമാണ് (1 കൊരിന്ത്യർ 15:58). എന്നാൽ, തിരുവെഴുത്തുകളിലെ ആശ്വാസം വലിച്ചെടുത്തു അനുഭവിക്കുവാൻ അവയിൽ വിശ്വസിച്ചു അതിൻപ്രകാരം പ്രവർത്തിക്കുവാൻ നമ്മൾ തിരഞ്ഞെടുത്തെങ്കിൽ മാത്രമേ സാധിക്കുകയുള്ളൂ. തിരുവെഴുത്തുകൾ നമ്മെ പഠിപ്പിക്കുന്നതുപോലെ നമ്മുടെ വിചാരങ്ങളും, നമ്മൾ വിശ്വസിക്കുന്നതും, നമ്മുടെ പെരുമാറ്റവും അനുരൂപപ്പെടുത്തേണ്ടതു ആവശ്യമാണ്.

നമ്മളിൽ ചിലർ, ദുഃഖത്തിന്റെ സമയങ്ങളിൽ, തിരുവെഴുത്തുകളുടെ ആശ്വാസത്തേക്കാളും മനുഷ്യരുടെ സഹതാപം ആണ് നമ്മൾ കൂടുതൽ ഇഷ്ടപ്പെടുന്നത്. നമ്മൾ സ്വീകരിക്കുന്ന ശ്രദ്ധയിലും ജനങ്ങൾ ഉണ്ടാക്കുന്ന സഹതാപകരമായ അഭിപ്രായപ്രകാശനത്തിലും നമ്മൾ സന്തോഷിക്കുന്നു. എന്നാൽ ജനങ്ങൾക്കു അവരുടെ സഹതാപം എന്നേക്കും തുടരുവാൻ കഴിയില്ല. ഇതു നിർത്തപ്പെടുമ്പോൾ, ആരും നമ്മളെ കരുതുന്നില്ലെന്നും നമ്മൾ കടന്നുപോകുന്നത് എന്താണെന്നു ആരും ഗ്രഹിക്കുന്നില്ലെന്നും നമുക്കു തോന്നും. എന്നാൽ ആ കാരണത്തിന്റെ സത്യം ഇതാണ്, നമ്മളാണ് തെറ്റുകാർ. നമുക്ക് ഒരു നിശ്ചയദാർഢ്യമില്ലായ്മയുണ്ട് - ജനങ്ങളുടെ സഹതാപത്തിൽ ആശ്രയിക്കുന്നത്, തിരുവെഴുത്തുകളുടെ ആശ്വാസത്തിൽ ആശ്രയിക്കുന്നതിനു പകരമായി. ഈ നിശ്ചയദാർഢ്യമില്ലായ്മയെ നമ്മൾ പരാജയപ്പെടുത്തണം. നമ്മൾ നമ്മളെത്തന്നെ ശിക്ഷണമുള്ളവരാക്കിത്തീർക്കണം, ദൈവവചനം ധ്യാനിച്ചു ദൈവത്തിൽനിന്നും ദൈവത്തിന്റെ വചനത്തിൽനിന്നും ശക്തി വലിച്ചെടുക്കുന്നതിന്.

## ഉത്തരം പറയപ്പെടാത്ത ചോദ്യങ്ങൾ

പതിവായി, ഇതുപോലെയുള്ള സമയങ്ങളിൽ അനേകം, ചോദ്യങ്ങൾ പൊങ്ങുവാനും ഉത്തരം പറയപ്പെടാതെയിരിക്കുവാനും കഴിയും. വളരെ ചെറുപ്പത്തിൽ തന്നെ എന്തിനാണ് ഒരുത്തൻ മരിച്ചത്? എന്തിനാണ് രോഗത്താലും, അപകടത്താലും വേറെ പല ക്ഷോഭങ്ങളാലും അവർ മരിച്ചത്? എന്തുകൊണ്ട് അവർ സൗഖ്യം പ്രാപിച്ചില്ല, കാത്തു സൂക്ഷിച്ചില്ല, ദൈവത്തിന്റെ ശക്തിയാൽ വിടുവിക്കപ്പെട്ടില്ല? എന്തുകൊണ്ട്? എന്തുകൊണ്ട്? എന്തുകൊണ്ട്? ചോദ്യങ്ങൾക്ക് അവസാനമില്ലാത്തതായി കാണാം. ദൈവത്തോടുകൂടെയുള്ള നടപ്പിൽ നമ്മൾ പക്വത പ്രാപിക്കുമ്പോൾ നമ്മൾ സ്വീകരിക്കുവാൻ പഠിക്കും, സ്വർഗ്ഗത്തിന്റെ ഈ വശത്തു അനേകം ചോദ്യങ്ങൾ ഉത്തരം പറയപ്പെടാതെ നിലനിൽക്കും എന്നുള്ള സത്യം. മിക്കവാറും, നമുക്കു എല്ലായ്പ്പോഴും ഉത്തരം കൊടുക്കുന്നതിനു ശ്രമിക്കുവാൻ കഴിയും, "വെളിപ്പാടുകളുടെ പരിജ്ഞാനകുറവ്," "വിശ്വാസത്തിന്റെ കുറവ്" ഇതുപോലെ മറ്റുപലതിനും. എന്നാൽ എല്ലാ ഈ ഉത്തരങ്ങളും, ഏറ്റവും നല്ലതായി, ഒരു ഉത്തരം കൊടുക്കുവാൻ ശ്രമിക്കുന്നതു തീർച്ചയായും നമ്മൾ അറിയുന്നില്ല. ഓരോ ചുറ്റുപാടും സമാനമില്ലാത്തതാണ്. അനേകം മാറ്റം വരുന്നതിനെക്കൊണ്ടു വളരെയധികം നമുക്ക് അറിയാൻ പാടില്ലാത്തവയാണ്. എന്നാൽ ഇപ്പോൾ നമ്മൾ അംശമായി അറിയുന്നു. എന്നാൽ അപ്പോൾ - പൂർണ്ണമായതു വരുമ്പോൾ - നമ്മൾ അറിയേണ്ടതുപോലെ അറിയും (1 കൊരിന്ത്യർ 13:10,12). മറഞ്ഞിരിക്കുന്ന കാര്യങ്ങൾ നമ്മുടെ ദൈവമായ യഹോവയ്ക്കുള്ളതത്രെ; വെളിപ്പെട്ടിരിക്കുന്നവയോ നാം ഈ ന്യായപ്രമാണത്തിന്റെ സകല വചനങ്ങളും അനുസരിച്ചു നടക്കേണ്ടതിനു എന്നേക്കും നമുക്കും നമ്മുടെ മക്കൾക്കും ഉള്ളവയാകുന്നു (ആവർത്തനപുസ്തകം 29:28). അങ്ങനെയുള്ള ചോദ്യങ്ങൾക്ക് ഒരിക്കലും ശരിയായ ഉത്തരം നമ്മൾക്കില്ല എന്ന സത്യം അംഗീകരിക്കുന്നതാണ് ബുദ്ധി. എന്നാൽ, നമ്മൾക്കറിയാവുന്ന കാര്യങ്ങളിൽ നമ്മൾ ജീവിക്കുവാൻ തുടരണം.

## ക്ഷണനേരം നമ്മൾ ഇളകാത്ത ഇവിടുത്തെ ഭൂമിയിൽ ആയിരിക്കുമ്പോൾ

**"അതുകൊണ്ട് ശരീരത്തിൽ വസിച്ചാലും ശരീരം വിട്ടാലും ഞങ്ങൾ അവനെ പ്രസാദിപ്പിക്കുന്നവർ ആകുവാൻ അഭിമാനിക്കുന്നു. അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിനു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു (2 കൊരിന്ത്യർ 5:9–10).**

**"ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയൊരു സമൂഹം നമുക്കു ചുറ്റും നിൽക്കുന്നതുകൊണ്ടു സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ടു നമുക്കു മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക" (എബ്രായർ 12:1).**

നമുക്കു മുമ്പേ മരിച്ചുപോയവർ അവരുടെ ജീവിതത്തിന്റെ സാക്ഷ്യം നമുക്കു വിട്ടേച്ചുപോയി. ദൈവരാജ്യത്തിനുവേണ്ടി അവർക്കു ചെയ്യാൻ കഴിഞ്ഞതെല്ലാം അവർ ചെയ്തു. എന്നാൽ ഇന്നു, ഒരു പക്ഷേ, അവർ സ്വർഗ്ഗത്തിലെ മേൽത്തട്ടിൽ ഇരുന്നുകൊണ്ടു, ഇപ്പോഴും ജീവിതത്തിന്റെ ഓട്ടം ഓടിക്കൊണ്ടിരിക്കുന്ന നമ്മളെ മുകളിൽ നിന്നും താഴോട്ട് നോക്കുന്നുണ്ടായിരിക്കാം. അതുകൊണ്ട് നമ്മൾ,ദൈവം നമ്മുടെ മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുന്നതിനു ലക്ഷ്യമുള്ളവർ ആയിരിക്കണം. നമ്മൾ ചെയ്യുന്ന എല്ലാറ്റിലും ദൈവത്തെ പ്രസാദിപ്പിക്കുവാൻ നമ്മൾ പരിശ്രമിക്കണം. നമ്മുടെ ദുഃഖത്തിലോ അല്ലെങ്കിൽ വ്യസനത്തിലോ ആയിരിക്കുന്ന സ്ഥലത്തു മാത്രം നമ്മൾ ജീവിച്ചിരുന്നാൽ പോരാ. നമ്മുടെ പ്രിയപ്പെട്ടവരെ യാത്ര അയച്ച സ്ഥലത്തു വച്ചു തന്നെ നമ്മൾ എഴുന്നേൽക്കണം. എന്നിട്ടു, ദൈവത്തിന്റെ വിളിക്കനുസരിച്ച് മുന്നോട്ട് പോയ്ക്കൊണ്ടിരിക്കണം. എന്തുകൊണ്ടെന്നാൽ ഒരു ദിവസം ക്രിസ്തുവിൽ നമുക്കുമുമ്പെ പോയവരോടൊരുമിച്ച് കർത്താവിന്റെ മുമ്പാകെ നിൽക്കണം. അവന്റെ രാജ്യത്തിനുവേണ്ടി ഈ ഭൂമിയിൽ നമ്മൾ ചെയ്തതിൻ പ്രകാരം സ്വീകരിക്കുവാൻ, നമുക്കു മുമ്പേ പോയ എല്ലാവരും നമ്മളെ വിശ്വസ്തരായി കണ്ടുപിടിക്കട്ടെ.

# എല്ലാ ജനങ്ങളുടെയും സഭയെക്കുറിച്ച്

ബാംഗ്ലൂർ നഗരത്തിൽ ഉപ്പായും വെളിച്ചമായും ഇരിക്കുവാനും ഇൻഡ്യാരാജ്യത്തിലും ലോകത്തിലെ എല്ലാ രാജ്യങ്ങളിലും ശബ്ദമായിരിക്കുവാനുമാണ് എല്ലാ ജനങ്ങളുടെയും സഭയുടെ ദർശനം.

പരിശുദ്ധാത്മാവിന്റെ പൂർണ്ണ അഭിഷേകത്തിലും പൂർണ്ണ നടത്തിപ്പിലും സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിക്കുവാനും പ്രബോധിപ്പിക്കുവാനും പഠിപ്പിക്കുവാനും ഉപദേശിക്കുവാനുമാണ് സഭ ചുമതലപ്പെട്ടിരിക്കുന്നത്. ശക്തിയോടും പരിശുദ്ധാത്മാവോടും ബഹുനിശ്ചയത്തോടും സത്യവചനത്തെ പ്രസംഗിക്കുന്നതിന് തുല്യമായി വേറെ യാതൊന്നും ഇന്നത്തെ ആധുനിക യുഗത്തിൽ ഇല്ലെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത് (1 തെസ്സലൊനിക്യർ 1:5). ഞങ്ങളുടെ ചിന്താവിഷയം യേശുവാണ്. ഞങ്ങളുടെ സന്തുഷ്ടി ദൈവവചനമാണ്. ഞങ്ങളുടെ പ്രമാണം പരിശുദ്ധാത്മ ശക്തിയാണ്. ഞങ്ങളുടെ ശക്തിമത്തായ വികാരം ജനങ്ങളാണ്. ഞങ്ങളുടെ ലക്ഷ്യം ക്രിസ്തുവിനെപ്പോലെയുള്ള പക്വതയാണ്. ഞങ്ങളുടെ സ്വന്തമായി ഞങ്ങൾ പ്രസംഗിക്കത്തില്ല. എന്നാൽ യേശുവിനുവേണ്ടി കർത്താവായ യേശുക്രിസ്തുവും ഞങ്ങളും നിങ്ങളുടെ ശുശ്രൂഷക്കാരായിരിക്കുന്നു. ഞങ്ങൾ യേശുവിനെ പ്രസംഗിക്കുന്നു. എല്ലാവർക്കും താക്കീതു കൊടുത്ത് എല്ലാ ജ്ഞാനത്തോടെയും പഠിപ്പിക്കുന്നത് യേശുക്രിസ്തുവിൽ എല്ലാവരെയും പരിപൂർണ്ണരാക്കിത്തീർക്കണം എന്നാണ് (യേശുവിനെപ്പോലെ പക്വത) (2 കൊരിന്ത്യർ 4:5; കൊലൊസ്യർ 1:28).

ഈ പുസ്തകം വായിച്ച് നിങ്ങൾ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു എന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഈ പുസ്തകം നിങ്ങൾക്കുവേണ്ടിയുള്ള ഞങ്ങളുടെ ഒരു 'സമ്മാനം' ആണ്. ഇത് സൗജന്യം ആണ്.

നിങ്ങളെപ്പോലെയുള്ള ആയിരങ്ങൾക്കു ഈ പുസ്തകം സൗജന്യമായി കൊടുത്തുകൊണ്ടിരിക്കുന്നു. അനേകരോടു ദൈവ വചനം അറിയിക്കുവാൻ ധനപരമായി നിങ്ങൾ ഞങ്ങളുടെ ഒരു പങ്കാളി ആകണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. തുടർച്ചയായുള്ള നിങ്ങളുടെ ധനസഹായം അനേകരെ ദൈവവചനം അറിയിക്കു വാൻ സാധിക്കും. കർത്താവു നയിക്കുന്നതനുസരിച്ചു എല്ലാ ജന ങ്ങളുടെയും സഭയിലെ ഒരു പങ്കാളിയാകുക. നിങ്ങളുടെ സംഭാവ നകൾ ചെക്ക് / ഡ്രാഫ്റ്റ് / മണിഓർഡർ ആയി "എല്ലാ ജനങ്ങളു ടെയും സഭ ബാംഗ്ലൂർ"ലേക്കു അയച്ചുതരിക. നിങ്ങൾ ഞങ്ങൾക്കു എഴുതുമ്പോൾ വേറെ പുസ്തകങ്ങളും ആവശ്യപ്പെടുക. ഈ പുസ്തകം നിങ്ങൾക്കു എത്രമാത്രം പ്രയോജനം ആയെന്നും നിങ്ങളുടെ പ്രാർത്ഥനാവശ്യങ്ങളും അഭിപ്രായങ്ങളും അറിയിക്കുക.

**സമ്പർക്ക വിവരം:**

**All Peoples Church & World Outreach**
# 319, 2nd Floor, 7th Main, HRBR Layout,
2nd Block, Kalyan Nagar, Bangalore 560 043
Karnataka, INDIA

Phone: +91 - 80 - 65970617
Email : contact@apcwo.org
Website : www.apcwo.org

# പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ

ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾക്ക് ജനനം കൊടുക്കുന്നത്

നിങ്ങളെ വിളിക്കുന്നതിൽ വിട്ടുവീഴ്ച ചെയ്യരുത്

സത്യസന്ധത

എല്ലാ ഉദ്ദേശ്യത്തിനും ഒരു സമയം

നിങ്ങളുടെ ജീവിതത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ ഉദ്ദേശ്യം നിറവേറ്റുന്നത്

ഉണർവ്: ഒരു സഭ ഉണർവിൽ

സ്വർഗ്ഗം: സത്യമായും വിളിക്കപ്പെട്ട ഒരു സ്ഥലം

ജോലിയെക്കുറിച്ചു വേദപുസ്തകപരമായ നിലപാട്

വ്യക്തിപരമായും തലമുറയായും ഉള്ള അടിമത്തങ്ങൾ വേർപ്പെടുത്തുന്നത്

മാറ്റം

ദൈവസാന്നിദ്ധ്യം

ദൈവത്തിന്റെ വചനം

നമ്മൾ പ്രത്യേകമായവരാണ്

പ്രത്യാശ നഷ്ടപ്പെടുത്തരുത്

ശുദ്ധീകരിക്കുന്നവന്റെ തീ

ദൈവരാജ്യം

തുറന്ന സ്വർഗ്ഗങ്ങൾ

വിശുദ്ധന്മാരെ ഒരുക്കുന്നത്

ചുമതലപ്പെടുത്തലിന്റെ ശക്തി

# ഇൻഡ്യയിൽ എല്ലാ ജനങ്ങളുടെയും സഭയുള്ള സ്ഥലങ്ങൾ

താഴെ കൊടുത്തിരിക്കുന്ന ഇടങ്ങളിൽ എല്ലാ ജനങ്ങളുടെയും സഭയുണ്ട്.

എല്ലാ ജനങ്ങളുടെയും സഭ – ബാംഗ്ലൂർ (കർണ്ണാടക)

എല്ലാ ജനങ്ങളുടെയും സഭ – തൊക്കോട്ട്, മാംഗ്ലൂർ (കർണ്ണാടക)

എല്ലാ ജനങ്ങളുടെയും സഭ – കല്യാൺ, മുംബൈ (മഹാരാഷ്ട്ര)

എല്ലാ ജനങ്ങളുടെയും സഭ – വിശാഖപട്ടണം (ആന്ധ്രാപ്രദേശ്)

എല്ലാ ജനങ്ങളുടെയും സഭ – തേജ്പൂർ (ആസ്സാം)

എല്ലാ ജനങ്ങളുടെയും സഭ – ബെർഹാംപൂർ (ഒറീസ്സാ)

എല്ലാ ജനങ്ങളുടെയും സഭ – നാഗ്പൂർ (മഹാരാഷ്ട്ര)

പുതിയ സഭകൾ ഇൻഡ്യയുടെ പലയിടങ്ങളിലും സ്ഥാപിച്ചു കൊണ്ടിരിക്കുന്നു. എല്ലാ ജനങ്ങളുടെയും സഭകളുടെ ഇടങ്ങളും, നിലവിലുള്ള ലിസ്റ്റും ബന്ധപ്പെടുവാനുള്ള വിവരങ്ങളും അറിയേണ്ടതിന് ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക:

www.apcwo.org or
send an email to contact@apcwo.org

# ബൈബിൾ കോളേജ്

എല്ലാ ജനങ്ങളുടെയും സഭ, ബൈബിൾ കോളേജ്, പൗരോഹിത്യ പരിശീലന കേന്ദ്രം ഇവ ആരംഭിച്ചത് 2005 ആഗസ്റ്റുമാസത്തിലാണ്. വിശ്വസ്തരും കഴിവും ഉള്ള പുരുഷന്മാരെയും സ്ത്രീകളെയും പരിശീലിപ്പിച്ചു ഒരുക്കി ഇൻഡ്യയുടെ പല ഭാഗങ്ങളിലേക്കും ലോകത്തിലെ മറ്റു രാജ്യങ്ങളിലേക്കും അയയ്ക്കുക എന്നതാണ് ബൈബിൾ കോളേജിന്റെ ചുമതല. അതുപോലെ യേശുക്രിസ്തുവിനുവേണ്ടി ഗ്രാമങ്ങളിലും പട്ടണങ്ങളിലും നഗരങ്ങളിലും രാജ്യങ്ങളിലും സ്വാധീനം വരുത്തുവാനും.

**2 പരിപാടികൾ ആണ് ഇവിടെ നടത്തുന്നത്.**

→ രണ്ടുവർഷത്തെ ബൈബിൾ കോളേജ് പരിപാടി കുട്ടികൾക്കു മുഴുവൻ സമയവും. പൗരോഹിത്യ ശുശ്രൂഷയ്ക്കായി സർവ്വകലാശാല സംബന്ധമായി മേന്മയോടുകൂടി ആത്മീകമായും പ്രവർത്തനപരമായും പരിശീലനം നൽകപ്പെടുന്നു. പഠനം പൂർത്തിയാക്കുന്ന കുട്ടികൾക്ക് തിയോളജിയിലും ക്രിസ്ത്യൻ മിനിസ്ട്രിയിലും ഡിപ്ലോമ ലഭിക്കുന്നു.

→ ബൈബിൾ കോളേജിലെ പഠിത്തം പൂർത്തിയാക്കിയവർ ആഗ്രഹിക്കുന്നുവെങ്കിൽ അവർക്കു പ്രവർത്തനപരമായ പരിശീലനം കൊടുക്കുന്നു. ഒരു വർഷമോ രണ്ടു വർഷമോ പരിശീലനം ലഭിച്ചവർക്ക് പ്രവർത്തനപരമായ പരിശീലനത്തിന്റെ സർട്ടിഫിക്കറ്റു കൊടുക്കുന്നു. എത്ര നാളാണ് പരിശീലനം ലഭിച്ചു എന്നുള്ളത് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുന്നു.

ഇംഗ്ലീഷിലാണ് ക്ലാസ്സുകൾ നടത്തുന്നത്. ദൈവവചനത്തിൽ നല്ല പരിശീലനം നേടിയവരും അഭിഷിക്തരുമായ അദ്ധ്യാപകരാണ് കോളേജിലുള്ളത്. കോളേജിലെ എല്ലാ അദ്ധ്യാപകരുടെയും കുട്ടികളുടെയും ഉപയോഗത്തിനായി ഏ.പി.സി. സ്റ്റഡി സെന്ററും ലൈബ്രറിയും ഉണ്ട്.

# നിങ്ങളെ സ്നേഹിക്കുന്ന ദൈവത്തെ നിങ്ങൾക്ക് അറിയാമോ?

2010 വർഷങ്ങൾക്കു മുമ്പ് ദൈവം ഒരു മനുഷ്യനായി ഈ ഭൂമിയിൽ വന്നു. അവന്റെ പേരാണ് യേശു. പാപംകൂടാതെ പരിപൂർണ്ണമായ ഒരു ജീവിതം യേശു ജീവിച്ചു. യേശു ജഡത്തിൽ ദൈവമായിരുന്നതുകൊണ്ട് യേശു ചെയ്യുകയും പറയുകയും ചെയ്ത എല്ലാ കാര്യങ്ങളിലൂടെയും ദൈവത്തെ നമുക്ക് വെളിപ്പെടുത്തിത്തന്നു. യേശു സംസാരിച്ച എല്ലാ വചനങ്ങളും ദൈവത്തിന്റെ വചനങ്ങളായിരുന്നു. യേശു ചെയ്ത എല്ലാക്കാര്യങ്ങളും ദൈവത്തിന്റെ പ്രവൃത്തികൾ ആയിരുന്നു. ഒത്തിരി അത്ഭുതങ്ങൾ യേശു ഭൂമിയിൽ പ്രകടിപ്പിച്ചു. രോഗികളെയും കഷ്ടം അനുഭവിക്കുന്നവരെയും യേശു സൗഖ്യമാക്കി. യേശു കുരുട്ടുകണ്ണുകളെ തുറന്നു. ചെകിടരെ കേൾക്കുമാറാക്കി. മുടന്തരെ നടക്കുമാറാക്കി. എല്ലാവിധ വ്യാധികളെയും രോഗങ്ങളെയും സൗഖ്യമാക്കി. അത്ഭുതകരമായി, അഞ്ച് അപ്പം കൊണ്ട് അനേകായിരങ്ങളുടെ വിശപ്പടക്കി. കൊടുങ്കാറ്റിനെ ശാസിച്ചമർത്തി. അങ്ങനെ മറ്റനേകം അത്ഭുതങ്ങൾ പ്രവർത്തിച്ചു.

ഈ പ്രവൃത്തികൾ എല്ലാം നമുക്ക് വെളിപ്പെടുത്തിക്കാണിക്കുന്നത് ദൈവം ഏറ്റവും നല്ല ഒരു ദൈവം ആണെന്നാണ്. ജനങ്ങൾ എല്ലായ്പ്പോഴും സുഖമായിട്ടും ആരോഗ്യമായിട്ടും സന്തോഷമായിട്ടും തികഞ്ഞവരായിട്ടും ഇരിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. ജനങ്ങളുടെ എല്ലാ ആവശ്യങ്ങളും നൽകി കൊടുക്കുവാൻ ദൈവം ആഗ്രഹിക്കുന്നു.

എന്തുകൊണ്ടാണ് ദൈവം ഒരു മനുഷ്യനായി ഈ ഭൂമിയിൽ വരുവാൻ തീരുമാനമെടുത്തത്? എന്തുകൊണ്ടാണ് യേശു വന്നത്?

നമ്മൾ എല്ലാവരും പാപം ചെയ്യുകയും നമ്മെ സൃഷ്ടിച്ച ദൈവത്തിന്റെ മുമ്പാകെ ദൈവത്തിനു സ്വീകാര്യമല്ലാത്ത അനേകം കാര്യങ്ങൾ ചെയ്യുകയും ചെയ്തു. പാപത്തിന് അതിന്റേതായ അനന്തരഫലങ്ങൾ ഉണ്ട്. നമുക്കും ദൈവത്തിനും മുമ്പാകെ മാറ്റപ്പെടുത്താൻ വയ്യാത്ത വലിയ ഒരു മതിലാണ് പാപം. പാപം ദൈവത്തിൽനിന്നും നമ്മെ വേർതിരിക്കുന്നു. നമ്മെ സൃഷ്ടിച്ച ദൈവത്തെ നാം അറിയുന്നതിനും ദൈവവുമായി ഒരു ഉത്തമബന്ധം സ്ഥാപിക്കുന്നതിനും പാപം നമ്മെ തടസ്സപ്പെടുത്തുന്നു. അതുകൊണ്ട് നമ്മൾ അനേകരും ഈ ശൂന്യത മറ്റനേകം കാര്യങ്ങളെക്കൊണ്ട് നികത്തിക്കുന്നു.

നമ്മുടെ പാപങ്ങളുടെ മറ്റൊരു പരിണിതഫലം ദൈവത്തിൽനിന്നും നിത്യമായ ഒരു വേർപിരിയൽ ആണ്. ദൈവത്തിന്റെ കോടതിയിൽ പാപത്തിനുള്ള ശിക്ഷ മരണം ആണ്. മരണം, നരകത്തിൽ, ദൈവവുമായിട്ടുള്ള നിത്യമായ വേർപെടുത്തൽ ആണ്.

എന്നാൽ, നമുക്ക് പാപത്തിൽനിന്നും സ്വാതന്ത്ര്യം പ്രാപിക്കാമെന്നും ദൈവവുമായിട്ടുള്ള ബന്ധം പുനഃസ്ഥാപിക്കാം എന്നും ഒരു സുവാർത്താദൂതുണ്ട്. വേദപുസ്തകം പറയുന്നു, “പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻതന്നെ” (റോമർ 6:23). യേശു ക്രൂശിൽ മരിച്ചതിലൂടെ സർവ്വലോകത്തിന്റെയും പാപത്തിന്റെ വില കൊടുത്തു. മൂന്നു ദിവസം കഴിഞ്ഞു യേശു കല്ലറയിൽനിന്നും ഉയിർത്തെഴുന്നേറ്റു, ജീവിച്ചിരിക്കുന്നു എന്ന് അനേകർക്ക് കാണിച്ചുകൊടുത്തു, എന്നിട്ട് സ്വർഗ്ഗത്തിലേക്കു തിരിച്ചുപോയി.

ദൈവം സ്നേഹവും കരുണയും ഉള്ള ഒരു ദൈവമാണ്. ഒരു വ്യക്തിപോലും നരകത്തിൽ പോകുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. എല്ലാ മാനവവർഗ്ഗത്തിനും, പാപത്തിൽനിന്നും, അതിന്റെ പരിണിതഫലത്തിൽനിന്നും സ്വാതന്ത്ര്യം പ്രാപിക്കുന്നതിന് ഒരു വഴി

ഒരുക്കുവാനാണ് ദൈവം വന്നത്. ദൈവം പാപികളെ രക്ഷിപ്പാനാണ് വന്നത് - എന്നെയും നിങ്ങളെയും പാപത്തിൽനിന്നും നിത്യമരണത്തിൽനിന്നും രക്ഷിക്കുവാൻ.

ഈ പാപമോചനം സൗജന്യമായി ലഭിക്കുവാൻ, ഒരേ ഒരു കാര്യം ചെയ്യുവാനാണ് വേദപുസ്തകം നമ്മളോട് പറയുന്നത് - കർത്താവായ യേശുക്രിസ്തു കാൽവരിക്രൂശിൽ ചെയ്തത് അംഗീകരിക്കുകയും അവനിൽ പൂർണ്ണഹൃദയത്തോടെ വിശ്വസിക്കയും ചെയ്യണം എന്നുള്ളതാണത്.

"അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാമംമൂലം പാപമോചനം ലഭിക്കും" (അപ്പൊ. പ്ര. 10:43).

"യേശുവിനെ കർത്താവ് എന്നു വായകൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയംകൊണ്ട് വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും" (റോമർ 10:9).

നിങ്ങളും കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുകയാണെങ്കിൽ നിങ്ങൾക്കും പാപമോചനവും പാപങ്ങളുടെ കഴുകലും പ്രാപിക്കാം.

താഴെ കൊടുത്തിരിക്കുന്ന ലളിതമായ പ്രാർത്ഥന, കർത്താവായ യേശുക്രിസ്തുവിലും യേശു കാൽവരിക്രൂശിൽ നിങ്ങൾക്കുവേണ്ടി എന്തുചെയ്തു എന്നു വിശ്വസിക്കുന്നതിനുമായി ഒരു തീരുമാനമെടുക്കുവാൻ നിങ്ങളെ സഹായിക്കും.

യേശു കാൽവരിക്രൂശിൽ നിങ്ങൾക്കുവേണ്ടി എന്താണ് ചെയ്തതെന്നും നിങ്ങളുടെ പാപങ്ങൾ മോചിക്കപ്പെടുവാനും കഴുകൽ പ്രാപിക്കുവാനും ഉള്ള നിങ്ങളുടെ സ്വീകാരം പ്രകടിപ്പിക്കുവാനും ഈ പ്രാർത്ഥന നിങ്ങളെ സഹായിക്കും. ഈ പ്രാർത്ഥന നിങ്ങൾക്ക് ഒരു മാർഗ്ഗദർശനം മാത്രം ആണ്. നിങ്ങളുടെ സ്വന്തവാക്കുകളിലും നിങ്ങൾക്കു പ്രാർത്ഥിക്കാം.

പ്രിയകർത്താവായ യേശുവേ, ഇന്ന്, നീ എനിക്കുവേണ്ടി ക്രൂശിൽ ചെയ്തതു ഞാൻ മനസ്സിലാക്കിയിരിക്കുന്നു. നീ എനിക്കുവേണ്ടി മരിച്ചു. എനിക്കു പാപമോചനം ലഭിക്കുവാൻ നിന്റെ **വിലയേറിയ രക്തം ചൊരിഞ്ഞു** എന്റെ പാപങ്ങൾക്കു നീ **പ്രായശ്ചിത്തം** കൊടുത്തു. വേദപുസ്തകം പറയുന്നു, ആരെല്ലാം നിന്നിൽ വിശ്വസിക്കുന്നുവോ അവരുടെ പാപങ്ങൾക്കു മോചനം ലഭിക്കുമെന്ന്.

ഇന്ന്, നിന്നിൽ വിശ്വസിക്കുവാനും, നീ എനിക്കു വേണ്ടി ചെയ്തത്, എനിക്കുവേണ്ടി ക്രൂശിൽ മരിച്ചതും മൂന്നാംദിവസം ഉയിർത്തെഴുന്നേറ്റതും, അംഗീകരിക്കുവാനും ഞാൻ തീരുമാനം എടുക്കുന്നു. എന്റെ നല്ല പ്രവൃത്തികളാലോ, മറ്റു മനുഷ്യരാലോ എനിക്കു രക്ഷിക്കപ്പെടുവാൻ കഴിയത്തില്ലെന്നു ഞാൻ അറിയുന്നു. എന്റെ പാപങ്ങൾക്കു പാപമോചനം പ്രാപിക്കുവാൻ എനിക്കു കഴിയത്തില്ല.

ഇന്ന്, എന്റെ ഹൃദയത്തിൽ ഞാൻ വിശ്വസിച്ചു എന്റെ വായകൊണ്ട് ഞാൻ ഏറ്റുപറയുന്നു, നീ എനിക്കുവേണ്ടി മരിച്ചു എന്നും എന്റെ പാപങ്ങൾക്കുവേണ്ടി പ്രായശ്ചിത്തം കൊടുത്തു എന്നും നീ മരിച്ചവരിൽനിന്നും വീണ്ടും ഉയിർത്തെഴുന്നേറ്റു എന്നും. നിന്നിലുള്ള വിശ്വാസത്താൽ പാപമോചനവും പാപങ്ങളുടെ കഴുകലും ഞാൻ സ്വീകരിക്കുന്നു.

യേശുവേ നന്ദി. നിന്നെ സ്നേഹിക്കുവാനും നിന്നെ കൂടുതൽ അറിയുവാനും നിന്നോടു വിശ്വസ്തനായിരിക്കുവാനും എന്നെ സഹായിക്കേണമേ. ആമേൻ.